# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 8212 — 17.07.2014 ൽ മറുപടിക്ക്.

## കുടിയേറ്റ തൊഴിലാളി ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ:<br>ശ്രീ. കെ. രാജു:<br>ശ്രീമതി ഇ. എസ്. ബിജിമോൾ:<br>ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് അന്യരാജ്യങ്ങളിൽനിന്നും, അന്യസംസ്ഥാനങ്ങളിൽ നിന്നും ആകെ എത്ര കുടിയേറ്റ തൊഴിലാളികളുണ്ട്; അതിൽ എത്ര തൊഴിലാളികൾ കുടിയേറ്റ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ജോലി ചെയ്യുന്ന മുഴുവൻ അന്യസംസ്ഥാന തൊഴിലാളികളുടെ കണക്കുകൾ ലഭ്യമല്ല, എന്നാൽ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 42353 അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്യരാജ്യങ്ങളിൽ നിന്നുള്ള തൊഴിലാളികൾ കേരളത്തിനകത്ത് ജോലി ചെയ്യുന്നുണ്ടോ എന്നുള്ള വിവരങ്ങൾ ലഭ്യമല്ല. |
| (ബി) പ്രസ്തുത ക്ഷേമനിധിയിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) ടി പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളികൾക്ക് മരണാനന്തര ആനുകൂല്യം, ആശ്വാസ ധനസഹായം, ചികിത്സാ ധനസഹായം, ടെർമിനൽ ബെനിഫിറ്റ്, മരണപ്പെടുന്ന തൊഴിലാളികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കാൻ ധനസഹായം, പ്രസവ ധനസഹായം, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ഗ്രാന്റ് എന്നീ ആനുകൂല്യങ്ങളും നൽകുന്നു.<br>1.അപകട മരണം സംഭവിച്ചവർക്ക് : 50000/-<br>2.സ്വാഭാവിക മരണം : 10000/-<br>3. ആശ്വാസ ധനസഹായം (പരമാവധി) : 25000/-<br>4.ചികിത്സാ ധനസഹായം : 25000/-<br>5.ടെർമിനൽ ബെനിഫിറ്റ് |

: 10000/-രൂപ
മുതൽ 25000/-രൂപ വരെ
6.ഭൗതിക ശരീരം നാട്ടിലെത്തിക്കാൻ
: 5000/-രൂപ മുതൽ
15000/-രൂപ വരെ
7.വിദ്യാഭ്യാസ ആനുകൂല്യം
: 1000/-രൂപ മുതൽ
3000/-രൂപ വരെ
8.പ്രസവാനുകൂല്യം
: മൂന്ന് മാസത്തെ
മിനിമം വേതനമോ, 15000/-
രൂപയോ ഇതിൽ ഏതാണ് കുറവ്
ആ തുക.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ക്ഷേമനിധി ആനുകൂല്യങ്ങൾ ഇതുവരെ എത്ര പേർക്ക് ലഭിച്ചു; | (സി) | മരണാനന്തര ആനുകൂല്യം : 13 പേർക്ക്<br>അപകട മരണം : 2 പേർക്ക്<br>സ്വാഭാവിക മരണം : 11 പേർക്ക്<br>ചികിത്സാ ധനസഹായം : 5 പേർക്ക്<br>ഭൗതിക ശരീരം നാട്ടിലെത്തിക്കാനുള്ള ധനസഹായം : 1 ആൾക്ക്<br>വിദ്യാഭ്യാസ ആനുകൂല്യം : 3 പേർക്ക്<br>പ്രസവ ധനസഹായം : 14 പേർക്ക്<br>ക്ഷേമനിധി ആനുകൂല്യം ഇതുവരെ 36 പേർക്ക് ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഏറ്റവും കൂടുതൽ കുടിയേറ്റ തൊഴിലാളികളുള്ളത് ഏതു ജില്ലയിലാണ്; കുടിയേറ്റ തൊഴിലാളികൾ പ്രധാനമായും ഏതെല്ലാം രാജ്യങ്ങളിൽ നിന്നും, സംസ്ഥാനങ്ങളിൽ നിന്നും വന്നവരാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | 2010 ലെ കുടിയേറ്റ ക്ഷേമ പദ്ധതി പ്രകാരം ഏറ്റുവും കൂടുതൽ കുടിയേറ്റ തൊഴിലാളികൾ ഉള്ളത് കണ്ണൂർ ജില്ലയിലാണ്. കുടിയേറ്റ തൊഴിലാളികൾ പ്രധാനമായും ഉത്തർപ്രദേശ്, ആസ്സാം, പശ്ചിമബംഗാൾ, ബീഹാർ, ഒറീസ്സ എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നത്. |

സെക്ഷൻ ആഫീസർ.